പിന്നോക്ക വിഭാഗ കോർപ്പറേഷനിലെ നിയമനങ്ങൾ

223 (3659) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽ ജീവനക്കാരുടെ പ്രൊമോഷൻ, നിയമനം എന്നിവ സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ ; ഏതെല്ലാം തസ്തികകൾക്കാണ് സ്പെഷ്യൽ റൂൾസ് ബാധകമെന്ന് വ്യക്തമാക്കുമോ ;

(ബി) ഡ്രൈവർ, പ്യൂൺ, വാച്ച്മാൻ എന്നീ തസ്തികകളിൽ നിലവിലുണ്ടായിരുന്ന ഏതെല്ലാം ജീവനക്കാർക്കാണ് ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുള്ളത് ; ഈ പ്രൊമോഷന്റെ മാനദണ്ഡങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 5-9-2014 -ലെ സ.ഉ.(എംഎസ്.) നമ്പർ 22/2014/പി.സ വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ തസ്തികകളുടെ പരിഷ്കരണവും, പുനർനാമകരണവും ഉൾപ്പെടുത്തി പുതിയ സ്പെഷ്യൽ റൂൾ പരിഷ്കരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കോർപ്പറേഷനിലെ എല്ലാ തസ്തികകൾക്കും സ്പെഷ്യൽ റൂൾ ബാധകമാണ്.

(ബി) കെ.എസ്.ബി.സി.ഡി.സി -യിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അന്ന് നിലവിലുണ്ടായിരുന്ന സ്പെഷ്യൽ റൂൾസ് പ്രകാരം പ്രൊമോഷൻ സാധ്യത ഇല്ലായെന്നും, ഒഴിവുള്ള ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് അവർക്ക് പ്രൊമോഷൻ നൽകണമെന്നും അപേക്ഷിച്ചുകൊണ്ട് ശ്രീ. രവീന്ദ്രൻ (പ്യൂൺ) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 18184/05 ഹരജി ചെയ്യുകയും അതിന്മേൽ 8-7-2005-ലെ വിധിയിൽ ഒഴിവുള്ള ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ ടി ജീവനക്കാർക്കും താൽക്കാലിക പ്രൊമോഷൻ നൽകുന്ന വിഷയം പരിഗണിക്കണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിരുന്നു. അതിൻ പ്രകാരം 23-2-2006-ലെ 84-ാം മത് ഡയറക്ടർ ബോർഡ് യോഗ തീരുമാനപ്രകാരം നിലവിലുണ്ടായിരുന്ന 14 ജൂനിയൽ പ്രോജക്ട് അസിസ്റ്റന്റ്മാരുടെ ഒഴിവുകളിൽ 50% ഒഴിവുകൾ പ്രീ-ഡിഗ്രി/+2 പാസ്സായ പ്യൂൺമാർക്ക് അന്നുനിലവിലുള്ള സ്പെഷ്യൽ റൂൾസിന്റെ ഭേദഗതിക്ക് വിധേയമായി താൽക്കാലിക പ്രൊമോഷൻ നൽകാൻ തീരുമാനിക്കുകയും അതിൻപ്രകാരം താഴെ പറയുന്ന 6 പ്യൂൺമാർക്ക് ജൂനിയർ പ്രോജക്ട് അസിസ്റ്റന്റായി 24-6-2006-ലെ E1/2243/2005/KSBCDC നമ്പർ നടപടിക്രമം പ്രകാരം താൽക്കാലിക പ്രൊമോഷൻ നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. സിന്ധു. പി.
2. നന്ദകുമാർ കെ. എസ്.
3. രവീന്ദ്രൻ കെ.
4. അനീസ് (കോർപ്പറേഷൻ സർവ്വീസിൽ നിന്നും രാജിവച്ചു)
5. മോഹനൻ എൻ. എം.
6. സോജൻ പി. എസ്.

തുടർന്ന് 8-8-2007-ലെ ഡയറക്ടർ ബോർഡ് യോഗ തീരുമാന പ്രകാരം 22-8-2007-ലെ EI/2243/2005/KSBCDC എന്ന നമ്പർ ഉത്തരവ് പ്രകാരം പ്രീ-ഡിഗ്രി പാസ്സായ ശ്രീ. സെബാസ്റ്റ്യൻ, വാച്ച്മാൻ, ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ് ആയി താൽക്കാലിക പ്രൊമോഷൻ നൽകി. 14-10-2009 ലെ 117-ാം മത് ഡയറക്ടർ ബോർഡ് യോഗതീരുമാനപ്രകാരം പ്രീ-ഡിഗ്രി/+2 പാസ്സായ കമ്പ്യൂട്ടർ സയൻസിൽ സർട്ടിഫിക്കറ്റുള്ള ഡ്രൈവർ, പ്യൂൺ, തസ്തികയിലുള്ള മൂന്ന് പേർക്ക് ജൂനിയർ പ്രോജക്ട് അസിസ്റ്റന്റായി താൽക്കാലിക പ്രൊമോഷൻ നൽകുവാൻ തീരുമാനിച്ചു. അതിൻപ്രകാരം 28-10-2009-ലെ 2462/EI/09/KSBCDC നമ്പർ നടപടിക്രമപ്രകാരം താഴെപ്പറയുന്ന പ്യൂൺ/ഡ്രൈവർ തസ്തികയിലുള്ള 3 പേർക്ക് ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ് ആയി താൽക്കാലിക പ്രൊമോഷൻ നൽകിയിരുന്നു.

1. പ്രഭാകരൻ നായർ
2. നിസാം. എ.
3. രാജേഷ് കുമാർ കെ. പി.

മേൽ പ്രൊമോഷനുകൾ എല്ലാം അന്ന് നിലവിലുണ്ടായിരുന്ന സ്പെഷ്യൽ റൂൾസിന് വിധേയമായിട്ടാണ് നൽകിയിട്ടുള്ളത്. 11-3-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 07/2015/പിസവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോർപ്പറേഷനിൽ ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക നിയമനം/പ്രൊമോഷൻ നൽകിയവർക്ക് താൽക്കാലിക നിയമനം നൽകിയ തീയതി മുതൽ പ്രാബല്യം നൽകി പ്രൊമോഷൻ റഗുലറൈസ് ചെയ്ത് പ്രൊമോഷൻ ഡിക്ലയർ ചെയ്യുന്നതിന് ഉത്തരവായിരുന്നു. കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 10-4-2015-ലെ 2462/ഇ 1/2009/ കെ.എസ്.ബി.സി.ഡി.സി. നമ്പർ നടപടിക്രമം പ്രകാരം കോർപ്പറേഷനിൽ ജൂനിയർ പ്രോജക്ട് അസിസ്റ്റന്റുമാരായി താൽക്കാലിക പ്രൊമോഷൻ/നിയമനം നൽകിയവർക്ക് താൽക്കാലിക പ്രൊമോഷൻ/നിയമനം നൽകിയ തീയതി മുതൽ പ്രൊമോഷൻ റഗുലറൈസ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly